പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5434 24-05-2017 ൽ മറുപടിയ്ക്ക്.

ആശ്രിതനിയമന നടപടിക്രമങ്ങൾ

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി ) |
|---|---|
| (എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആശ്രിത നിയമനം ലഭിച്ചവർ ആകെ ഒഴിവിന്റെ എത്ര ശതമാനം വരും; ആശ്രിതനിയമനത്തിനായി നീക്കി വച്ചിരിയ്ക്കുന്ന ഒഴിവുകളിൽ നിശ്ചിത ശതമാനത്തിനേക്കാൾ കൂടുതൽ പേരെ ഈ കാലയളവിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വിഭാഗത്തിനാണ് ഈ കാരണത്താൽ തൊഴിൽ നഷ്ടം ഉണ്ടായത്; | എ) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ച് വരികയാണ്. |
| (ബി) ആശ്രിത നിയമനം ലഭിയ്ക്കുന്നവരുടെ നിയമനം നിയമാനുസൃതമാക്കുന്ന നടപടി എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ;ഇതിൽ അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 24/5/1999 ലെ സ.ഉ (പി) 12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിതർക്ക് നിയമനം നൽകിവരുന്നത്. അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഓരോ വകുപ്പിലും എത്ര പേർക്ക് ആശ്രിതനിയമനം നൽകിയിട്ടുണ്ട്;ഇതിൽ എത്രപേരുടെ നിയമനം ക്രമപ്പെടുത്തിയിട്ടുണ്ട്; നിയമനങ്ങൾ ക്രമപ്പെടുത്തുന്നതിലെ വീഴ്ചമൂലം പി.എസ്.സി വഴി നിയമനം നഷ്ടപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് ആയതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിയ്ക്കുമോ? | (സി) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ